# 20,000 കോടിയുടെ നമാമി ഗംഗ, റെയിൻമാൻ ഓഫ് ഇന്ത്യ: അശോക്, മലയാളിക്ക് അഭിമാനം



റൂബിൻ ജോസഫ്

PUBLISHED: JUNE 11, 2023 07:34 AM IST
4 MINUTE READ



അശോക് കുമാർ ചിത്രം:രാഹുൽ ആർ. പട്ടം●മനോരമ

തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂളിൽ 10–ാം ക്ലാസിൽ പഠിക്കവേ, സ്കൂൾ മാഗസിനിൽ ജി.അശോക് കുമാർ എന്ന വിദ്യാർഥി എഴുതി: ‘നാളെ രാഷ്ട്രത്തെ നയിക്കേണ്ട നാം സ്വാർഥതയുപേക്ഷിച്ചു രാജ്യത്തെ സഹായിക്കുന്നവരായി പ്രവർത്തിക്കണം’. അക്കൊല്ലം പത്താംക്ലാസിലെ സംസ്ഥാന റാങ്ക്

പട്ടികയിലും അശോകുണ്ടായിരുന്നു. തിരുവനന്തപുരം എൻജിനീയറിങ് കോളജിൽ നിന്നു ബിടെക് പൂർത്തിയാക്കി സിവിൽ സർവീസ് പരീക്ഷയെഴുതിയ അശോക് അവിടെയും റാങ്ക് നേടി നാടിനെ നയിക്കുന്നവനായി. വെറുതേ നയിക്കുകയല്ല, വേറിട്ട ആശയങ്ങളിലൂടെ രാജ്യാഭിവൃദ്ധിക്കൊത്ത പ്രവർത്തനങ്ങൾ. ആന്ധ്ര കേഡറിലെ ഈ ഐഎഎസ് ഉദ്യോഗസ്ഥൻ പിന്നീട് കേന്ദ്ര സർക്കാരിലും ആശയങ്ങൾ കൊണ്ട് അദ്ഭുതങ്ങൾ സൃഷ്ടിച്ചു. സർക്കാരിന്റെ അഭിമാന പദ്ധതിയായ നമാമി ഗംഗ പ്രോജക്ടിന്റെ ചുമതലക്കാരനാണ് ഇദ്ദേഹം ഇപ്പോൾ. ഗംഗയ്ക്ക് ഒഴുകാൻ വേറിട്ട വഴികൾ തീർക്കുന്നു ജി. അശോക് കുമാർ...

ഗംഗാസമക്ഷം

രാജ്യത്തെ ജനസംഖ്യയുടെ 40 ശതമാനത്തിലേറെ പേരുടെ ജീവിതം ഗംഗയുമായി ബന്ധപ്പെട്ടിരിക്കുന്നു. 2525 കിലോമീറ്റർ നീളത്തിലൊഴുകുന്ന ഗംഗയുടെ സ്വസ്ഥമായ ഒഴുക്കിനു വഴിയൊരുക്കേണ്ടതു നമ്മുടെ കടമയെന്നു മറന്നുപോയ കാലത്താണ്, 1985-ൽ അന്നത്തെ രാജീവ് ഗാന്ധി സർക്കാർ ഗംഗാ പുനർജനിക്കായി ഗ്യാപ് 1 (ഗംഗ ആക്ഷൻ പ്ലാൻ) എന്നൊരു പദ്ധതി ആരംഭിച്ചത്. 1993-ൽ ഗ്യാപ് 2 എന്ന പേരിൽ പദ്ധതിക്കു തുടർച്ചയുണ്ടായി. 2009-ൽ നാഷനൽ ഗംഗാ റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കപ്പെട്ടു. 2014-ൽ നരേന്ദ്രമോദി സർക്കാർ വന്നതോടെ ഗംഗയുടെ പുനർജനിക്കായി നമാമി ഗംഗയെന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചു. ലാപ്സായി പോകാത്ത 20,000 കോടി രൂപയും അനുവദിച്ചു. പദ്ധതിക്കു ചുക്കാൻപിടിക്കാൻ നേരത്തേതന്നെ രൂപംകൊണ്ട നാഷനൽ മിഷൻ ഫോർ ക്ലീൻ ഗംഗയ്ക്ക് 2016-ൽ അതോറിറ്റി പദവി നൽകി. ഗംഗ മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിശോധിച്ചു തീരുമാനമെടുക്കാൻ ഈ അതോറിറ്റിക്ക് അധികാരമുണ്ട്. പക്ഷേ, അപ്പോഴും ഗംഗയിലോ അതിന്റെ സമതലഭൂവിലോ വലിയ മാറ്റങ്ങൾ പ്രതിഫലിച്ചില്ലെന്നു വിമർശനം ഉയർന്നു. പദ്ധതികൾക്കുള്ള അംഗീകാരവും നിർമാണവേഗവും പൂർത്തീകരണവും സർക്കാരിന്റെ പതിവു മന്ദതയിൽ നീങ്ങുന്ന കാലത്താണ് മിഷന്റെയും നമാമി ഗംഗ ദൗത്യത്തിന്റെയും തലപ്പത്തേക്കു മലയാളിയായ അശോക്

കുമാറെത്തിയത്. നമാമിഗംഗ പദ്ധതിയുടെ ഉദ്യോഗസ്ഥ തലപ്പത്തിരിക്കുന്നയാൾക്കു രാജ്യത്തെ മറ്റൊരു ഐഎഎസ് ഉദ്യോഗസ്ഥനുമില്ലാത്ത ചില അധികാരങ്ങളുണ്ടെന്ന ആനുകൂല്യം അശോക് കുമാർ ഉപയോഗപ്പെടുത്തി. മറ്റു മേലധികാരികളുടെ അനുമതി തേടാതെ തന്നെ സ്വന്തം അധികാരമുപയോഗിച്ചു 1000 കോടി രൂപയുടെ വരെ പദ്ധതികൾക്ക് അനുമതി നൽകാമെന്നതാണ് അതിലൊന്ന്. മന്ത്രാലയ സെക്രട്ടറിമാർക്കു പോലും 100 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകാനാകുക. അല്ലാത്തതിനു മേൽഘടകങ്ങളിലേക്കു വിടണം. പദ്ധതിച്ചെലവ് 500 കോടി രൂപയ്ക്കു മുകളിലെങ്കിൽ മന്ത്രിസഭയുടെ അനുമതി വേണമെന്നതാണു സർക്കാർ ചട്ടം. സർക്കാർ ഫയലുകളുടെ പതിവു നൂലാമാല കാക്കാതെ പദ്ധതികൾക്കു വേഗം കൂട്ടാനുള്ള സൗകര്യമായി ഇതു മാറി.

ഗംഗയെ പ്രതികൂലമായി ബാധിക്കുന്ന എന്തുപ്രവർത്തനവും അടിയന്തരമായി നിർത്തിവയ്പ്പിക്കാനുള്ള അധികാരവും മിഷൻ ഡയറക്ടർക്ക് ഉണ്ടെന്നതു ഡയറക്ടർ ജനറൽ പദവിയിൽ അശോകിനു ധൈര്യമായി. പൂർത്തിയാകാതെ കിടന്ന പല പദ്ധതികൾക്കും മിന്നൽ വേഗം വന്നു. മാലിന്യസംസ്കരണ പ്ലാന്റുകളുടെ എണ്ണവും ശുദ്ധീകരണക്ഷമതയും പല മടങ്ങായി.

**തിരിച്ചുവരുന്നു, ഡോൾഫിൻ കാലം**

ഓളപ്പരപ്പിൽ ഇടവിട്ടു തലപൊക്കി നോക്കിയിരുന്ന ഗംഗാ ഡോൾഫിനുകളുടെ കാലം തിരിച്ചുവരുന്നുവെന്ന വാർത്തയാണ് അശോക് കുമാർ പങ്കുവയ്ക്കുന്നത്. അതിശയിപ്പിക്കുന്ന സൗന്ദര്യവും അദ്ഭുതപ്പെടുത്തുന്ന അഭ്യാസ പ്രകടനങ്ങളും പ്രത്യേകതയായുള്ള ഇവ ഒരുഘട്ടത്തിൽ വംശനാശം വന്ന് ഇല്ലാതായിരുന്നു. ഗംഗ മലിനമാക്കപ്പെട്ടതു തന്നെ കാരണം. മാറ്റം എണ്ണത്തിലും മാലിന്യത്തിലും പ്രകടമാകുന്നു. 2012ലെ കണക്കുപ്രകാരം 671 ഡോൾഫിനുകളാണ് ആകെയുണ്ടായിരുന്നത്. ഇന്നിപ്പോൾ, ഏതാണ്ട് 3200 ഡോൾഫിനുകൾ ഗംഗാനദിയിലുണ്ടെന്ന് അശോക് കുമാർ പറയുന്നു.

2019-ൽ കാൻപുരിൽ നടന്ന ഗംഗാ കൗൺസിൽ യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കുവച്ച അർഥ് ഗംഗ എന്ന ആശയം വൈവിധ്യവൽകരണ ആശയങ്ങളിലൂടെ നടപ്പാക്കാൻ അശോക് കുമാറും സംഘവും തീരുമാനിച്ചു. ഗംഗയ്ക്കു ചുറ്റുമുള്ളവർക്കു വരുമാനമുണ്ടാക്കാൻ കഴിയുന്നതും, അതേസമയം ഗംഗ സംരക്ഷിക്കപ്പെടേണ്ടത് അവരുടെ ആവശ്യമാണെന്ന ബോധ്യം ഉറപ്പിക്കാൻ കഴിയുന്നതുമായ പദ്ധതികളാണ് അർഥ് ഗംഗയിലേത്.

6 ഘടകങ്ങളെ അടിസ്ഥാനമാക്കിയാണു പ്രവർത്തനം. ഗംഗാതടങ്ങളിൽ പ്രകൃതിദത്ത കൃഷിരീതിയെ

പ്രോത്സാഹിപ്പിക്കലായിരുന്നു പ്രധാനം. നദിയുടെ ഇരുകരകളിലും രാസരഹിത കൃഷിക്ക് ആവശ്യമായ പിന്തുണയും ഫണ്ടിങ്ങും മിഷൻ തന്നെ നൽകി. മലിനജലത്തിന്റെ പുനരുപയോഗം വഴി ധനസമ്പദാനം ഉറപ്പാക്കുകയാണ് മറ്റൊന്ന്. മറ്റൊന്നു ടൂറിസം. പ്രാദേശിക ഉൽപന്നങ്ങളും ഔഷധ സസ്യങ്ങളും ആയുർവേദ ഉൽപന്നങ്ങളും വിൽക്കാൻ പറ്റുന്ന ഇടങ്ങൾ സൃഷ്ടിച്ച് ഉപജീവന അവസരങ്ങൾ ഒരുക്കുന്നു; നദിയുമായി ബന്ധപ്പെട്ടു കഴിയുന്നവരുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും.

ചെങ്ങന്നൂർ ഇടനാട് കോന്നാലിൽ വീട്ടിൽ ഗോപാലപിള്ളയുടെയും രാജമ്മയുടെയും മകനായി ജനിച്ച അശോക് പഠനം കഴിഞ്ഞ് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലും സി ഡോട്ടിലും ജോലി ചെയ്തു. പിന്നെയാണ് സിവിൽ സർവീസിലേക്കു തിരിഞ്ഞത്. ആന്ധ്രയിലായിരുന്നു ആദ്യ നിയോഗം. വ്യത്യസ്ത ആശയങ്ങളുമായി ചുരുങ്ങിയ കാലം കൊണ്ട് അവിടെ ജനകീയ കലക്ടറെന്നു പേരെടുത്തു.

**ആന്ധ്രയിലെ അശോക്**

അക്കാലത്ത് ആന്ധ്രയുടെ സർവപ്രതാപിയായ മുഖ്യമന്ത്രി

വൈ.എസ്. രാജശേഖര റെഡ്ഡിയുടെ സ്വന്തം ജില്ലയിലായിരുന്നു ആദ്യത്തെ നിയോഗങ്ങളിലൊന്ന്. തന്റെ നിയമസഭാ മണ്ഡലത്തിലെ ബോലെഗുണ്ഡി ഗ്രാമക്കാരെക്കുറിച്ചു വൈഎസ്ആറിനു സങ്കടമായിരുന്നു. പലപ്പോഴും നക്സലുകളുടെ ഒളിത്താവളം മാത്രമായി മാറിയ ഇടം. ‘അവിടേക്കു ചെന്നെത്താൻ പോലും

കഴിയാത്ത ആളാണു ഞാൻ. എന്നിട്ടും 30 വർഷത്തോളമായി അവരെന്നെ തിരഞ്ഞെടുക്കുന്നു'.-അസൗകര്യങ്ങളുടെ കാടുപിടിച്ചുകിടക്കുന്ന കുന്നിൻ മുകളിലെ ഗ്രാമത്തെക്കുറിച്ചു വൈഎസ്ആർ എപ്പോഴത്തെയും പോലെ പറഞ്ഞുവെന്നെയുള്ളു. കേട്ടിരുന്ന യുവ കലക്ടർ അതു കാര്യമായെടുത്തു. വെമൂല മണ്ഡലയെന്ന വനമേഖലയുടെ 10 കിലോമീറ്റർ ഉള്ളിലുള്ള ആ ഗ്രാമത്തിലേക്കു പോയി. അതവരുടെ ഗ്രാമത്തിലും ജീവിതത്തിലും വലിയമാറ്റങ്ങൾ വരുത്തി.

ഇല്ലായ്മകളിൽ നിന്ന് ആ കലക്ടർ അവരെ കുന്നിൻ താഴ്വാരത്തേക്കു പറിച്ചുനട്ടു. അവിടെ പുതിയൊരു ഗ്രാമമുണ്ടാക്കി നൽകി. മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗപ്പെടുത്തി ഫണ്ടെത്തിച്ചു. പുതിയ വീടുകൾ പണിതു നൽകി. സ്കൂളും ആശുപത്രിയും മുതൽ അതിജീവനത്തിനു കൃഷിയിടം വരെ എല്ലാ സൗകര്യങ്ങളും ഒരുങ്ങി. അവിടം മാതൃകാഗ്രാമമായി മാറ്റുമെന്നു പറഞ്ഞ വൈഎസ്ആർ, മറ്റൊന്നു കൂടി പ്രഖ്യാപിച്ചു. 'പുതുതായി പിറവികൊണ്ട ആ ഗ്രാമം അശോക് നഗർ എന്നറിയപ്പെടും'. മുഖ്യമന്ത്രി സ്വപ്നം കണ്ടതു യഥാർഥ്യമാക്കിയ ജനകീയ കലക്ടർ അശോക് കുമാറിനോടുള്ള സ്നേഹം ചേർത്തായിരുന്നു ആ പേരുചാർത്തൽ!. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ കടപ്പ ജില്ലയിൽ മറ്റൊരിടത്തും സമാനരീതിയിൽ പേരിടൽ അരങ്ങേറി. രാജംപേട്ടിലെ ചിറ്റ് വേൽ മണ്ഡലിലെ തങ്ങളുടെ ഹൗസിങ് കോളനിയെ അവിടത്തുകാർ അശോക് നഗറാക്കി മാറ്റി. അതും കടപ്പയുടെ പ്രിയപ്പെട്ട കലക്ടർ അശോക് കുമാറിനോടുള്ള സ്നേഹം.

**അശോക് സാഗർ**

അതേ അശോക് കുമാർ നിസാമാബാദ് കലക്ടറായിരിക്കെ, മറ്റൊരദ്ഭുതം സൃഷ്ടിച്ചു. നിസാമാബാദ് സിറ്റിയിൽ നിന്ന് 7 കിലോമീറ്റർ മാത്രം ദൂരമുള്ള, പ്രശസ്തമായ ബസാറിലെ സരസ്വതി ക്ഷേത്രത്തിനടുത്തുള്ള ഒരു തടാകത്തിലെ അസൗകര്യങ്ങൾക്ക് അറുതി വരുത്തി. ആന്ധ്രയിലെ ടൂറിസംഭൂപടത്തിലെ പ്രധാന ആകർഷണമായി സ്ഥലത്തെ അവതരിപ്പിച്ചു. നിസാമാബാദിലെ

തടാകത്തിനും അശോക് കുമാറിനോടുള്ള സ്നേഹത്തിന്റെയും കടപ്പാടിന്റെയും പേരു വീണു:  അശോക് സാഗർ.

**മഴമനുഷ്യൻ**

മഴവെള്ള സംഭരണത്തിനായി ദേശീയ ജല മിഷനിലായിരിക്കെ 2020-ൽ തുടക്കമിട്ടതാണ് 'ക്യാച് ദ് റെയിൻ' എന്ന ക്യാംപെയ്ൻ. ഓരോ സ്ഥലത്തെയും സാഹചര്യങ്ങൾക്കനുസരിച്ചു മഴവെള്ളം സംഭരിക്കാനുള്ള പദ്ധതികൾക്ക് (ചെക്ക് ഡാമുകൾ, മഴവെള്ളക്കുഴികൾ, മേൽക്കൂരകൾ തുടങ്ങി കയ്യേറ്റമൊഴിപ്പിക്കൽ വരെ പദ്ധതിയുടെ ഭാഗമായി) സംസ്ഥാന സർക്കാരുകളെയും മറ്റും പ്രോത്സാഹിപ്പിക്കുന്ന നരേന്ദ്ര മോദി,  2021-ലെ ക്യാച്

ദ് റെയിൻ എന്ന പേരിൽ പദ്ധതി ദേശീയ തലത്തിൽ പ്രഖ്യാപിച്ചു. മഴവെള്ള സംഭരണ പ്രവർത്തനം അശോകിന് ഒരു പേരുചാർത്തിക്കൊടുത്തു, റെയിൻമാൻ ഓഫ് ഇന്ത്യ. ഈ വിശേഷണം നൽകിയതാകട്ടെ, ഇന്ത്യയുടെ ജലമനുഷ്യനെന്നറിയിപ്പെടുന്ന  രാജേന്ദ്ര സിങ്ങും !

**മുടിപോയ പോത്തുരാജകൾ**

രണ്ടായിരത്തിന്റെ തുടക്കത്തിൽ നിസാമാബാദിൽ കലക്ടറായിരിക്കെ നടത്തിയ മുടിവെട്ടു ക്യാംപ് ദേശീയതലത്തിൽ ചർച്ചയായിരുന്നു. ഗ്രാമത്തിന്റെ ഐശ്വര്യത്തിനായി പോത്തുരാജകളായി മാറുന്ന പിന്നാക്കവിഭാഗക്കാരുടെ ജീവിത ദുരിതത്തിന് അറുതി വരുത്തുന്നതായിരുന്നു അശോക് കുമാറിന്റെ നേതൃത്വത്തിൽ നടന്ന മുടിവെട്ട് ക്യാംപ്. 7 നൂറ്റാണ്ടുകളായി തുടരുന്ന പോത്തുരാജകളുടേത്. ജനിച്ചനാൾ മുതൽ വെട്ടാതെ സൂക്ഷിക്കുന്ന മുടിയിൽ അവർ പ്രത്യേക ദിവ്യത്വം കൽപിക്കുന്നു. മദ്യത്തിന് അടിമകളായി, ആചാരത്തിന്റെ പേരിൽ സ്വയം ചമ്മിട്ടികൊണ്ട് അടിച്ച് നരകതുല്യമായ ജീവിതം അവർ നയിച്ചു പോന്നു. ചെറിയ പെൺകുട്ടികളെ ഇളം പ്രായത്തിൽ വിവാഹം ചെയ്ത് ജോഗിനികളെന്ന പേരിൽ നാട്ടുദേവതയ്ക്കു സമർപ്പിക്കേണ്ട

ഉത്തരവാദിത്തവും ഇവരുടേതായിരുന്നു. ഈ ജോഗിനികൾ പിന്നീടു നാട്ടിലെ സമ്പന്നരുടെയും ഭൂവുടമകളുടെയും സ്വത്തായി മാറുന്നു.

അശോക് ആദ്യം പോത്തുരാജകൾക്ക് സാധാരണ ജീവിതം നയിക്കാൻ ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. അതിലേക്കുള്ള പാലമായി ദിവ്യത്വമുണ്ടെന്ന സങ്കൽപം തന്നെ അവസാനിപ്പിക്കണം. അതിനു ചെയ്യാവുന്നതു മുടി വെട്ടിമാറ്റുകയാണ്. അതിനായി വലിയൊരു ക്യാംപ് വിളിച്ചു. ആ ക്യാംപിലൂടെ മുടിവെട്ടി സാധാരണത്വത്തിലേക്കു നടന്നെത്തിയത് അറുനൂറോളം പോത്തുരാജകൾ. നാരായണഗുരുവിന്റെ നാട്ടുകാരനായ കലക്ടറുടെ നടപടിയെന്നു വിശേഷിപ്പിച്ചായിരുന്നു ഈ ചരിത്ര സംഭവത്തെ അന്നു തെലുങ്ക് പത്രങ്ങൾ അടയാളപ്പെടുത്തിയത്.

**English Summary** Sunday Special about Ashok kumar

manoramaONLINE

© Copyright 2025 Manoramaonline. All rights reserved.